**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4078** **28-06-2024 - ൽ മറുപടിയ്ക്ക്**

**അപകടത്തിൽ പരിക്കേറ്റ കുട്ടിയ്ക്ക് ചികിത്സ വൈകിയതുകാരണം മരണപ്പെട്ടു എന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അപകടത്തിൽ പരിക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാതൃശിശു കേന്ദ്രത്തിൽ 16.02.2024-ന് പ്രവേശിപ്പിച്ച കൊണ്ടോട്ടി മുണ്ടക്കുളം മഞ്ഞനിക്കര സൈനുദ്ദീന്റെയും ആമിനാബിയുടെയും മകൻ മുഹമ്മദ് ശമ്മാസ് എന്ന പതിനൊന്നുകാരന് മതിയായ ചികിത്സ ലഭ്യമാകാത്തത് കാരണം മരണപ്പെട്ടുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബൈക്ക് ഇടിച്ചതിനെത്തുടർന്ന് ഗുരുതരമായി പരിക്കേറ്റ് കൊണ്ടോട്ടി മേഴ്സി ഹോസ്പിറ്റലിൽ നിന്നും റഫർ ചെയ്യപ്പെട്ട 11 വയസ്സുള്ള കുട്ടിയെ 16.02.2024 ന് വൈകീട്ട് 5.43 നാണ് കോഴിക്കോട് IMCH ൽ എത്തിച്ചത്. ഡ്യൂട്ടിയിലുണ്ടായിരുന്ന ശിശു ശസ്ത്രക്രിയാ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ കുട്ടിയെ പരിശോധിക്കുകയും കുട്ടിയുടെ തലക്ക് കാര്യമായ പരിക്കുണ്ടെന്ന് സംശയിച്ചതിനാൽ അഡ്മിറ്റ് ചെയ്ത് സി.ടി സ്കാൻ എടുത്തതിൽ തലയോട്ടിയിൽ പല ഭാഗത്തും പൊട്ടലും, തലയോട്ടിക്കുള്ളിൽ രക്തസ്രാവവും, തലച്ചോറിന് ക്ഷതവും കണ്ടെത്തിയതിനെ തുടർന്ന് കുട്ടിയുടെ തലയ്ക്കുള്ള ക്ഷതത്തിന്റെ ചികിത്സ ആരംഭിക്കുകയും ചെയ്തിരുന്നു. ന്യൂറോ സർജറി വിഭാഗത്തിനോട് അടിയന്തിരമായി കുട്ടിയെ പരിശോധിക്കാൻ ആവശ്യപ്പെടുകയും നെഞ്ചിൽ ക്ഷതം സംഭവിച്ചതിനാൽ എക്സ്-റേ എടുക്കുകയും ചെയ്തു. വലതുവശത്തെ ശ്വാസകോശത്തിന് പുറത്ത് രക്തം കെട്ടിക്കിടക്കുന്നതായി സംശയമുള്ളതിനാൽ അതുമാറ്റുവാനായി ട്യൂബ് ഘടിപ്പിച്ച് (Inter Costal Drain) അതിലൂടെ അവിടെ കെട്ടിനിന്ന രക്തം നീക്കം ചെയ്തു.<br><br>അഡ്മിറ്റ് ആയപ്പോൾ മുതൽ ഓക്സിജന്റെ അളവും, രക്തസമ്മർദ്ദവും തൃപ്തികരമായിരുന്നെങ്കിലും തലക്കേറ്റ ക്ഷതത്താൽ പൂർണ്ണമായ ബോധാവസ്ഥയിലായിരുന്നില്ല. തലച്ചോറിന് ക്ഷതമുള്ള കുട്ടികളുടെ അവസ്ഥ അപ്രതീക്ഷിതമായി അതീവ ഗുരുതരമാകാനും, മരണപ്പെടാനും സാധ്യതയുള്ളതിനാൽ ആ വിവരം ബന്ധുക്കളെ അറിയിച്ച് അത് നിയമപ്രകാരം രേഖപ്പെടുത്തിയിരുന്നു. കുട്ടിക്ക് ആവശ്യമായ പരമാവധി ചികിത്സ നൽകിയെങ്കിലും രാത്രി 10.45 ഓടെ കുട്ടിയുടെ അവസ്ഥ അതീവ ഗുരുതരമാവുകയും |

| | | | |
|---|---|---|---|
| | | | തലക്കേറ്റ ഗുരുതരമായ ക്ഷതം കാരണം 17.02.2024 ന് പുലർച്ചെ 12.15 ന് കുട്ടി മരണപ്പെടുകയും ചെയ്തു. |
| (ബി) | 16.02.2024-ന് വൈകിട്ട് ആറ് മണിക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയെ ജനറൽ വാർഡിലേക്ക് മാറ്റുകയും രാത്രി വൈകിമാത്രം എക്സ്റേ എടുക്കുകയും മറ്റ് പരിശോധനകൾ നടത്തുകയും ചെയ്തിട്ടുള്ളുവെന്ന ബന്ധുക്കളുടെ ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | പിരിവ് എ - ൽ നൽകിയ പ്രകാരം. |
| (സി) | ഇത് സംബന്ധിച്ച് ആരുടെയെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (സി) | കുട്ടിയുടെ മാതാവിൽ നിന്നും, മുണ്ടക്കളം മുസ്ലീം യൂത്ത് ലീഗ് കമ്മിറ്റിയുടെ ഇ-മെയിൽ മുഖേനയുള്ള പരാതിയും, ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. ശ്രീ. ടി പി ഇബ്രാഹിം സമർപ്പിച്ച പരാതിയും ലഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ 25.03.2024 തീയതിയിൽ 3 ഡോക്ടർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കുട്ടിക്ക് നൽകിയിട്ടുള്ള ചികിത്സയിൽ യാതൊരു തരത്തിലുള്ള അശ്രദ്ധയും ഉണ്ടായിട്ടില്ലായെന്നും കുട്ടിയുടെ തലയിലും നെഞ്ചിലും ഉണ്ടായ മാരകമായ മുറിവുകളാണ് മരണത്തിന് കാരണമായതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുട്ടിയുടെ രക്ഷിതാക്കൾ പോലീസ് അധികാരികൾക്ക് നൽകിയ പരാതിയിൽ പോലീസ് അന്വേഷണവും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ